**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1995** **14-10-2024 - ൽ മറുപടിയ്ക്ക്**

**തമിഴ് യു.പി.സ്കൂൾ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തമിഴ് യു.പി. സ്കൂൾ അദ്ധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ യോഗ്യതയിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് 11-12-2023 ലെ ജി.ഒ.(എം.എസ്)നം.190/2023/ജി.ഇ.ഡി.എൻ. സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പി.എസ്.സി. നോട്ടിഫിക്കേഷനിൽ യോഗ്യതയുടെ അപാകതകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) | തമിഴ് യു.പി സ്കൂൾ അദ്ധ്യാപകരുടെ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച 11-12-2023 ലെ ജി.ഒ. (എം.എസ്) നം. 190/2023/ പൊ.വി.വ ഉത്തരവ് പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷന് തുടർ നടപടികൾക്കായി നൽകിയിട്ടുണ്ട്. ഉത്തരവിന് ശേഷമുള്ള യു.പി സ്കൂൾ ടീച്ചർ (തമിഴ്) തസ്തികയുടെ വിജ്ഞാപനങ്ങളിൽ "പത്താം ക്ലാസിൽ പാർട്ട് \| അല്ലെങ്കിൽ പാർട്ട് II-ൽ തമിഴ് ഒരു വിഷയമായോ പ്ലസ് ടു തലം വരെ രണ്ടാം ഭാഷയായോ തമിഴ് പഠിച്ച് ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയും ബി.എഡ്/ റ്റി.റ്റി.സി/ഡി.എഡ്./ഡി.എൽ.എഡ്, കെടെറ്റ് യോഗ്യത നേടിയവരെയും പരിഗണിക്കുന്നതാണ് " എന്ന കുറിപ്പ് കൂടി പി.എസ്.സി ഉൾപ്പെടുത്തിവരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന് മുമ്പ് പ്രസിദ്ധീകരിച്ച വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പുകളിൽ ഈ ഉത്തരവ് ബാധകമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ